ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

എസിഡി.ബി1/39187/2012 തീയതി : 28/04/2012

## സർക്കുലർ

വിഷയം:- ഹയർസെക്കന്ററി വിദ്യാഭ്യാസം സ്കൂളിൽ നിന്ന് പഠനയാത്ര പോകുന്നത് സംബന്ധിച്ച് പാലിക്കേണ്ട നിർദ്ദേശങ്ങൾ -

ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നും പഠനയാത്ര പോകുന്ന വിദ്യാർത്ഥി / വിദ്യാർത്ഥിനികളിൽ നിന്നും കഴിഞ്ഞ അദ്ധ്യയന വർഷം ലഭിച്ച അനേകം പരാതികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതും നിർബന്ധമായും പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. അദ്ധ്യയന വർഷത്തിൽ നവംബർ, ഡിസംബർ മാസങ്ങളിൽ മാത്രമേ പഠനയാത്ര നടത്താവൂ.
2. പഠനയാത്രയ്ക്കായി തെരഞ്ഞെടുക്കുന്ന സ്ഥലം, യാത്രാപരിപാടികൾ, താമസം എന്നിവ സ്കൂൾ പി.ടി.എ-യിൽ മുൻകൂട്ടി ചർച്ച ചെയ്ത് തീരുമാനിക്കുകയും ടൂർ ഡീറ്റെയിൽസ് സമർപ്പിച്ച് ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറിൽ നിന്ന് അനുമതിയും അംഗീകാരവും വാങ്ങേണ്ടതാണ്.
3. യാത്ര ഉൾപ്പെടെ പരമാവധി 4 ദിവസത്തിൽ കൂടുതൽ ടൂർ പാടില്ല. പി.ടി.എ കമ്മിറ്റിയുടെ അംഗീകാരവും അവരുടെ പ്രതിനിധികളും ഇല്ലാത്ത ടൂർ അനുവദനീയമല്ല. കൂടാതെ അദ്ധ്യാപകരോ രക്ഷിതാക്കളോ അല്ലാത്തവർ കുട്ടികളോടൊപ്പം യാത്രാസംഘത്തിൽ ഉണ്ടായിരിക്കുവാൻ പാടില്ല.
4. വിദ്യാർത്ഥികളിൽ നിന്നും അമിതമായ തുക ഈടാക്കരുത്. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുകൂടി പങ്കാളികളാകാൻ സാധിക്കുന്ന സ്ഥലങ്ങൾ മാത്രമേ യാത്രയ്ക്കായി തെരഞ്ഞെടുക്കാവൂ.
5. യാത്രാചെലവ്, ഭക്ഷണ ചെലവ്, താമസസൗകര്യം എന്നിവ സംബന്ധിച്ച വിവരങ്ങൾ പി.ടി.എ കമ്മിറ്റിയിൽ നൽകി അംഗീകാരം വാങ്ങണം.
6. സാമ്പത്തിക ലാഭത്തിനുവേണ്ടി നിശ്ചിത നിലവാരവും, സുരക്ഷിതത്വവും ഇല്ലാത്ത താമസ സൗകര്യങ്ങൾ ക്രമീകരിക്കാൻ പാടില്ല. കൂടാതെ ശുചിത്വവും ആരോഗ്യകരവുമായ ഭക്ഷണ പാനീയങ്ങൾ ഉപയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
7. സന്ദർശിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സവിശേഷതകൾ, സുരക്ഷാ സംവിധാനം എന്നിവയെ കുറിച്ച് മുൻകൂട്ടി മനസ്സിലാക്കിയിരിക്കേണ്ടതാണ്.
8. യാത്രയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളിൽ നിന്നും സമ്മതപത്രം വാങ്ങി സൂക്ഷിക്കണം.

9. 15 വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യാപകൻ അല്ലെങ്കിൽ 15 വിദ്യാർത്ഥിനികൾക്ക് ഒരു അദ്ധ്യാപിക എന്ന നിബന്ധന കർശനമായും പാലിക്കേണ്ടതാണ്.
10. രാത്രി സമയങ്ങളിലെ യാത്ര, കുട്ടികളുടെ മൊബൈൽ ഫോൺ ഉപയോഗം എന്നിവ ഒഴിവാക്കേണ്ടതാണ്.
11. ഓരോവർഷവും അനുഗമിക്കുന്ന അദ്ധ്യാപകരെ മാറ്റം വരുത്തി മാത്രമേ ടൂറിന് അനുമതി നൽകാവൂ.
12. അശ്ലീലമായ വസ്ത്രധാരണം, സംഭാഷണം, അനാവശ്യമായ ഫോട്ടോ എടുക്കൽ എന്നിവ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.
13. പരമാവധി ഉന്നതനിലവാരം പുലർത്തുന്നതും പഠനത്തോട് ബന്ധപ്പെട്ടതും ആയ ടൂർ പരിപാടികൾ മാത്രമേ നടത്താൻ പാടുള്ളൂ.
14. ടൂർ കഴിഞ്ഞ ഉടനെ അതിന്റെ ഒരു റിപ്പോർട്ട് പ്രിൻസിപ്പലോ ടൂർ കൺവീനറോ ഒരാഴ്ചയ്ക്കകം ബന്ധപ്പെട്ട റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. കുട്ടികളിൽ നിന്നും പങ്കെടുത്തവരിൽ നിന്നും അഭിപ്രായങ്ങൾ കൂടി രേഖപ്പെടുത്തേണ്ടതാണ്.
15. മാന്യമായ യാത്രയും,. പെരുമാറ്റവും അദ്ധ്യാപകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും ഉണ്ടായില്ല എന്ന പരാതികൾ ഇനിമേൽ ഗൗരവമായി പരിഗണിക്കുന്നതും അത്തരം അദ്ധ്യാപകരെ കർശനമായി താക്കീത് ചെയ്യുന്നതും വിദ്യാർത്ഥികളെ സ്കൂളിൽ നിന്നും ടി.സി നൽകുന്നതും ഉൾപ്പെടെയുള്ള നടപടികൾ അധികാരികൾ സ്വീകരിക്കുന്നതായിരിക്കും.

28/5/12

ഡയറക്ടർ

1. എല്ലാ സ്കൂൾ പ്രിൻസിപ്പൽമാർക്കും
2. എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
3. കരുതൽ ഫയൽ/അധികം

**ഭരണഭാഷ-മാതൃഭാഷ**

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

**എസിഡി.ബി1/39187/2012**

**തീയതി : 15/11/2012**

## സർക്കുലർ

വിഷയം: ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - സ്കൂളിൽ നിന്ന് പഠനയാത്ര പോകുന്നത് സംബന്ധിച്ച് പാലിക്കേണ്ട നിർദ്ദേശങ്ങൾ - ഭേദഗതി സംബന്ധിച്ച് -

സൂചന : 1 28.04.2012-ലെ ഈ ഓഫീസിലെ ഇതേ നമ്പർ സർക്കുലർ
2 ഈ ഓഫീസിൽ ലഭിച്ച വിവിധ അപേക്ഷകൾ/പരാതികൾ

ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നും പഠനയാത്ര പോകുന്നത് സംബന്ധിച്ച സൂചന സർക്കുലറിലെ ഒന്നാമത്തെ നിർദ്ദേശത്തിന് ചുവടെ പറയുന്ന രീതിയിൽ ഭേദഗതി വരുത്തുന്നു.

1. അദ്ധ്യയന വർഷത്തിൽ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ പഠനയാത്ര നടത്താവുന്നതാണ്. രക്ഷകർത്താക്കളിൽ നിന്നും നിർബന്ധമായും സമ്മതപത്രം വാങ്ങേണ്ടതും അവർക്ക് Tour Schedule നൽകേണ്ടതുമാണ്. കൂടാതെ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പാലിക്കേണ്ടതാണ്.
   (1) Continuous Evaluation മായി ബന്ധപ്പെട്ട പ്രോജക്ടിനു വേണ്ടിയുള്ള ഫീൽഡ് വർക്കിന് പ്രസ്തുത ടീച്ചറിന്റെ - undertaking-നുമേൽ പ്രിൻസിപ്പലിന്റെ അനുമതി മാത്രം മതിയാവും. പ്രസ്തുത ഫീൽഡ് വർക്ക് രാവിലെ തുടങ്ങി വൈകുന്നേരത്തിനുള്ളിൽ അവസാനിപ്പിക്കേണ്ടതാണ്. ഇതൊരു field trip മാത്രമായിരിക്കും. ബോട്ട് യാത്ര കഴിവതും ഒഴിവാക്കണം. Non teaching വിഭാഗത്തിൽ നിന്നും willing ആയിട്ടുള്ളവർ ഉണ്ടെങ്കിൽ അവരെക്കൂടി ടൂറിൽ ഉൾപ്പെടുത്താവുന്നതാണ്. രക്ഷിതാക്കൾക്ക് താങ്ങാൻ കഴിയുന്ന നിരക്കിലുള്ള ഫീസ് മാത്രമേ ഈടാക്കാവൂ. പ്രിൻസിപ്പൽ / അദ്ധ്യാപകർ എന്നിവരുടെ കുടുംബാംഗങ്ങൾ ഉൾപ്പെടുന്ന സംഘത്തെ പഠനയാത്രയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.
   (2) ബാച്ചുകൾ / കുട്ടികൾ കൂടുതലുള്ള ഹയർസെക്കന്ററി സ്കൂളുകളിൽ നിന്നും ബാച്ചുകളായോ / ക്ലാസ്സുകളായോ പഠനയാത്ര നടത്താൻ താത്പര്യപ്പെടുന്നുവെങ്കിൽ സൗകര്യപ്രദമായ രീതിയിൽ യാത്ര ക്രമീകരിക്കേണ്ടത് പി.ടി.എ യുടെയും സ്കൂൾ പ്രിൻസിപ്പാളിന്റെയും ഉത്തരവാദിത്വമാണ്. പ്രസ്തുത സ്കൂൾ പ്രിൻസിപ്പാൾമാരുടെ recommendation-ൽ ബന്ധപ്പെട്ട ആർ.ഡി.ഡി പ്രത്യേക അനുമതി നൽകേണ്ടതാണ്. സൂചനയിലെ സർക്കുലറിലെ മറ്റ് നിർദ്ദേശങ്ങളെല്ലാം കർശനമായി പാലിക്കേണ്ടതാണ്.

**ഡയറക്ടർ**

23/Jav/17.11.12